**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4716** **10-08-2021 - ൽ മറുപടിയ്ക്ക്**

**മിൽമയെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വിദേശവിപണി ലക്ഷ്യമിട്ട് മിൽമ മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കൂടുതലായി ഉത്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | നടപടികൾ പുരോഗമിച്ചു വരുന്നു. വിദേശ വിപണി ലക്ഷ്യമാക്കി നിലവിൽ മിൽമയുടെ മലബാർ മേഖലാ യൂണിയനിൽ നിന്ന് നെയ്യ് ഗൾഫ് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു വരുന്നുണ്ട്. ഇതോടൊപ്പം തന്നെ ഫ്ലേവേർഡ് മിൽക്ക്, ഇമ്മ്യൂണിറ്റി ബൂസ്റ്റർ, ഗോൾഡൻ മിൽക്ക് തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങളും വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു. മലബാർ മേഖലയിലെ രണ്ട് ഡയറികൾക്ക് എക്സ്പോർട്ട് ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം മേഖലയുടേയും, ഫെഡറേഷന്റെയും കീഴിലുള്ള ഡയറികളും എക്സ്പോർട്ട് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മിൽമയെ ശക്തിപ്പെടുത്തുന്നതിനും ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മിൽമയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ക്ഷീര വികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 750 ലക്ഷം രൂപ എല്ലാ വർഷവും അനുവദിച്ചു വരുന്നു. കൂടാതെ മിൽമയുടെ മൂന്ന് മേഖലാ ക്ഷീരോൽപാദക യൂണിയനുകൾ വഴി ക്ഷീരകർഷകർക്കായി വിവിധതരം പദ്ധതികളും ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ